(ബി) ഈ കുടിശ്ശിക നിലനിൽക്കുമ്പോൾ തന്നെ ഇതേ പ്രിമിസിസ്സിൽ ഒറ്റ ദിവസം കൊണ്ട് സി.ഡി-യും ഒ. വൈ. ഇ. സി.-യും അടപ്പിച്ച് മറ്റൊരു പുതിയ ത്രീ ഫേസ് കണക്ഷൻ നൽകിയ വിവരം വൈദ്യുതി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇങ്ങനെ നിയമവിരുദ്ധമായി വൈദ്യുതി കണക്ഷൻ നൽകിയ അന്നത്തെ ഓച്ചിറ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥനെ മാതൃകാപരമായി ശിക്ഷിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 39,650.50 രൂപ

(ബി) ഉണ്ട്.

(സി, ഡി) വകുപ്പുതല അന്വേഷണം നടത്താൻ ഉത്തരവായിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് കിട്ടിയാലുടൻ ആവശ്യമായ നടപടി സ്വീകരിക്കാനാവുന്നതാണ്.

കോഴിക്കോട് ജില്ലയിലെ പഞ്ചായത്തുകളിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകൾ

92 [5345] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട്, നന്മണ്ട എന്നീ പഞ്ചായത്തുകളിൽ എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നും എവിടെയൊക്കെയാണ് എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സ്ഥാപിക്കപ്പെട്ടിട്ടുള്ള ട്രാൻസ്ഫോർമറുകളുടെ വിവരം താഴെ ചേർക്കുന്നു:

എലത്തൂർ പഞ്ചായത്ത്	..	30	എണ്ണം
തലക്കളത്തൂർ പഞ്ചായത്ത്	..	12	,,
അത്തോളി പഞ്ചായത്ത്	..	13	,,
ഉള്ളിയേരി പഞ്ചായത്ത്	..	22	,,
ബാലുശ്ശേരി പഞ്ചായത്ത്	..	21	,,
പനങ്ങാട് പഞ്ചായത്ത്	..	24	,,
നന്മണ്ട പഞ്ചായത്ത്	..	20	,,

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനുള്ളത് താഴെ പറയും പ്രകാരമാണ്:

1. എലത്തൂർ പഞ്ചായത്ത് : ഒരെണ്ണം
   ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്,
   കൈപ്പുറത്ത് പാലം .. (പി.പി.എസ്.)
2. അത്തോളി പഞ്ചായത്ത് : ഒരെണ്ണം
   കണ്ണിപ്പൊയിൽ .. (വോൾട്ടേജ് ഇംപ്രൂവ്മെന്റ്)
3. ഉള്ള്യേരി പഞ്ചായത്ത് : 2 എണ്ണം
   കുന്നത്തറ കയർ സൊസൈറ്റി .. 1 (മിനിമം ഗ്യാരന്റി)
   കൂന്നൂർ .. 1 (വോൾട്ടേജ് ഇംപ്രൂവ്മെന്റ്)
4. ബാലുശ്ശേരി പഞ്ചായത്ത് : ഒരെണ്ണം
   പനാമി .. (വോൾട്ടേജ് ഇംപ്രൂവ്മെന്റ്)
5. പനങ്ങാട് പഞ്ചായത്ത് : 3 എണ്ണം
   തയ്യിൽ പീടിക .. 1 (വോൾട്ടേജ് ഇംപ്രൂവ്മെന്റ്)
   കച്ചേരിക്കണ്ടി .. 1 (വോൾട്ടേജ് ഇംപ്രൂവ്മെന്റ്)
   മണിച്ചേരി .. 1 (വോൾട്ടേജ് ഇംപ്രൂവ്മെന്റ്)
6. നന്മണ്ട പഞ്ചായത്ത് : 3 എണ്ണം
   നന്മണ്ട ഹൈസ്കൂൾ .. 1 (വോൾട്ടേജ് ഇംപ്രൂവ്മെന്റ്)
   നന്മണ്ട 14-ാം മൈൽ .. 1 (മിനിമം ഗ്യാരന്റി)
   കായൽമൂല .. 1 (വോൾട്ടേജ് ഇംപ്രൂവ്മെന്റ്)

കൊളറ എന്ന പ്രദേശത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കണമെന്ന ആവശ്യം

93 [5346] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിലെ കൊളറ എന്ന പ്രദേശത്ത് വിദ്യുച്ഛക്തി കണക്ഷനു വേണ്ടി ട്രാൻസ്ഫോർമർ സ്ഥാപിക്കണമെന്ന ആവശ്യത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ട്രാൻസ്ഫോർമർ എന്നത്തേയ്ക്ക് സ്ഥാപിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) കാരശ്ശേരി പഞ്ചായത്തിലെ കൊളറക്കുണ്ട് പ്രദേശത്ത് ശുദ്ധജല വൈദ്യുതീകരണ പദ്ധതിക്കായി ഒരു ട്രാൻസ്ഫോറും മറ്റു അനുബന്ധ സാമഗ്രികളും സ്ഥാപിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly